©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
തിങ്കൾ
Thiruvananthapuram,
Monday

2026 ഏപ്രിൽ 27
27th April 2026
1201 മേടം 14
14th Medam 1201
1948 വൈശാഖം 7
7th Vaisakha 1948

നമ്പർ
No.
1482

കേരള സർക്കാർ

ആഭ്യന്തര (ഡി) വകുപ്പ്

വിജ്ഞാപനം

സ. ഉ. (അ) നമ്പർ 51/2026/ആഭ്യന്തരം

തിരുവനന്തപുരം, 2026 ഏപ്രിൽ 24
1201 മേടം 11
1948 വൈശാഖം 4

എസ്. ആർ. ഒ. നമ്പർ 484/2026

2011-ലെ കേരള പോലീസ് ആക്റ്റിലെ (2011-ലെ 8) 110-ാം വകുപ്പും 129-ാം വകുപ്പും കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ 2019 സെപ്റ്റംബർ 26-ാം തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 37/2019/ആഭ്യന്തരം നമ്പർ പ്രകാരം പുറപ്പെടുവിച്ചതും 2019 സെപ്റ്റംബർ 26-ാം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തീയതിയിലെ 2260-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 684/2019 ആയി പ്രസിദ്ധീകരിച്ചിട്ടുള്ളതുമായ 2019-ലെ കേരള സംസ്ഥാന പോലീസ് (കംപ്ലയിന്റ്സ് അതോറിറ്റികൾ) ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിന് താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:–

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.–(1) ഈ ചട്ടങ്ങൾക്ക് 2026-ലെ കേരള സംസ്ഥാന പോലീസ് (കംപ്ലയിന്റ്സ് അതോറിറ്റികൾ) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.–2019-ലെ കേരള സംസ്ഥാന പോലീസ് (കംപ്ലയിന്റ്സ് അതോറിറ്റികൾ) ചട്ടങ്ങളിൽ,–

(1) 2-ാം ചട്ടത്തിലെ (1)-ാം ഉപചട്ടത്തിൽ,–

(ജി) ഖണ്ഡത്തിൽ “മറ്റ് വിധത്തിലോ” എന്നീ വാക്കുകൾക്ക് പകരമായി “ഇ-മെയിൽ അല്ലെങ്കിൽ ഫാക്സ് മുഖാന്തരമോ” എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(2) 3-ാം ചട്ടത്തിലെ (3)-ാം ഉപചട്ടത്തിൽ,–

(i) “ഉത്തരവിന്” എന്ന വാക്കിന് പകരം “തീരുമാനത്തിന്” എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) “ചെയർപേഴ്സൺ” എന്ന വാക്കിന് പകരം “ചെയർപേഴ്സൺ” എന്ന വാക്ക് ചേർക്കേണ്ടതാണ്;

(3) 4-ാം ചട്ടത്തിൽ,–

(i) (1)-ാം ഉപചട്ടത്തിൽ “ഓരോ പരാതിയും” എന്ന വാക്കുകൾക്ക് മുൻപിലായി “പരാതിക്കാരൻ അയയ്ക്കുന്ന” എന്ന വാക്കുകളും “ഇംഗ്ലീഷിലോ” എന്ന വാക്കിനു ശേഷം “തയ്യാറാക്കി” എന്ന വാക്കും “മുഖാന്തിരമോ” എന്ന വാക്കിന് പകരം “മുഖാന്തരമോ” എന്ന വാക്കും ചേർക്കേണ്ടതാണ്;

(ii) (3)-ാം ഉപചട്ടത്തിൽ “എല്ലാ പരാതികളിലും” എന്ന വാക്കിന് മുമ്പിലായി “(1)-ാം ഉപചട്ട പ്രകാരം പരാതിക്കാരൻ അയയ്ക്കുന്ന” എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) (5)-ാം ഉപചട്ടത്തിൽ "ലഭിക്കുന്ന" എന്ന വാക്കിന് മുൻപായി "നേരിട്ട് അല്ലെങ്കിൽ തപാൽ അല്ലെങ്കിൽ ഇ-മെയിൽ വഴി" എന്നീ വാക്കുകളും "കൈപ്പറ്റ് രസീത്" എന്ന വാക്കിന് ശേഷം "നേരിട്ട് അല്ലെങ്കിൽ തപാൽ അല്ലെങ്കിൽ ഇ-മെയിൽ വഴി" എന്നീ വാക്കുകളും ചേർക്കേണ്ടതാണ്;

(4) 5-ാം ചട്ടത്തിൽ,–

(i) ശീർഷകത്തിൽ "സമർപ്പിക്കണമെന്ന്" എന്ന വാക്കിന് പകരമായി "സമർപ്പിക്കൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii) (1)-ാം ഉപചട്ടത്തിൽ "ഓരോ" എന്ന വാക്കിന് മുൻപ് "പരാതിക്കാരൻ അയയ്ക്കുന്ന" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(5) 6-ാം ചട്ടത്തിൽ,–

(i) "4-ാം ചട്ട പ്രകാരം" എന്നതിന് മുൻപായി "(1)" എന്ന് ചേർക്കേണ്ടതും "പരാതി ലഭിക്കുന്ന" എന്നതിന് പകരം "ലഭിക്കുന്ന പരാതി" എന്ന് മാറ്റേണ്ടതുമാണ്.

(ii) (2)-ാം ഉപചട്ടത്തിൽ ലഭിക്കുന്ന എന്ന വാക്കിന് ശേഷമുള്ള "," ചിഹ്നം ഒഴിവാക്കേണ്ടതാണ്.

(iii) (3)-ാം ഉപചട്ടത്തിൽ "പരാതിയിൽ" എന്ന വാക്കിന് മുൻപിലായി "നേരിട്ട് ലഭിക്കുന്ന" എന്നീ വാക്കുകൾ ചേർക്കേണ്ടതും "ആവശ്യമുള്ളിടത്ത്" എന്ന വാക്കിന് പകരമായി "ആവശ്യമാകുന്ന പക്ഷം" എന്ന വാക്കുകൾ ചേർക്കേണ്ടതുമാണ്. "പിഴവുകൾ പരിഹരിക്കുവാൻ കൂടുതൽ സമയം ആവശ്യമുള്ളിടത്ത് അതിലേയ്ക്കായി ഒരാഴ്ചയോ അപേക്ഷയിന്മേൽ പതിനഞ്ച് ദിവസം വരെയോ സമയം അനുവദിക്കാവുന്നതാണ്" എന്ന വാക്യത്തിന് പകരമായി "നേരിട്ടോ തപാൽ വഴിയോ, ഇ-മെയിൽ വഴിയോ ലഭിക്കുന്ന പരാതികളിൽ പിഴവുകൾ കണ്ടെത്തുന്ന പക്ഷം അവ പരിഹരിച്ച ശേഷം പരാതി വീണ്ടും സമർപ്പിക്കുന്നതിന് പതിനഞ്ച് ദിവസം വരെ സമയം അനുവദിച്ചുകൊണ്ട് സെക്രട്ടറി പരാതി മടക്കി അയയ്ക്കേണ്ടതാണ്" എന്ന് ചേർക്കേണ്ടതാണ്.

(iv) (4)-ാം ഉപചട്ടത്തിൽ, "(3)-ാം ഉപചട്ട പ്രകാരം" എന്ന വാക്കുകൾക്ക് ശേഷം "നേരിട്ട് അല്ലെങ്കിൽ തപാൽ അല്ലെങ്കിൽ ഇ-മെയിൽ വഴി" എന്നീ വാക്കുകൾ ചേർക്കേണ്ടതും "നൽകപ്പെട്ട" എന്ന വാക്കിന് ശേഷം "പരാതിയിലെ പിഴവ്" എന്നീ വാക്കുകൾ ചേർക്കേണ്ടതും "സമയപരിധിക്കുള്ളിൽ" എന്ന വാക്കിന് ശേഷമുള്ള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

“പരാതിയിലെ പിഴവ്” എന്നീ വാക്കുകൾ ഒഴിവാക്കേണ്ടതും “പരിഹരിച്ച്” എന്ന വാക്കിന് ശേഷം “സമർപ്പിക്കുന്നില്ലാത്തിടത്ത് ആദ്യം നൽകിയ” എന്നീ വാക്കുകൾ ഒഴിവാക്കി “സമർപ്പിക്കാത്ത പക്ഷം” എന്ന് ചേർക്കേണ്ടതും “പരാതിക്കാരനെ” എന്നതിന് ശേഷം “നേരിട്ട് അല്ലെങ്കിൽ തപാൽ അല്ലെങ്കിൽ ഇ-മെയിൽ വഴി” എന്നീ വാക്കുകൾ ചേർക്കേണ്ടതുമാണ്.

(6) 7-ാം ചട്ടത്തിൽ,–

(i) (1)-ാം ഉപചട്ടത്തിലെ “അയക്കേണ്ടതാണ്” എന്ന വാക്കിന് പകരം “അയയ്ക്കേണ്ടതാണ്” എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii) (1), (2), (3) എന്നീ ഉപചട്ടങ്ങളിൽ പരാമർശിക്കുന്ന “വിചാരണ” എന്ന വാക്കിന് പകരം “തെളിവെടുപ്പ്” എന്ന വാക്ക് ചേർക്കേണ്ടതാണ്.

(7) 8-ാം ചട്ടത്തിൽ,–

(i) (1)-ാം ഉപചട്ടത്തിൽ “അയക്കുന്ന” എന്ന വാക്കിന് പകരം “അയയ്ക്കുന്ന” എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii) (1)-ാം ഉപചട്ടത്തിലെ (ബി)-യിൽ “കൈപ്പറ്റ് രസീതിന്” മുമ്പിലായി “സാധാരണ തപാൽ അല്ലെങ്കിൽ” എന്ന വാക്കുകളും “തപാൽ” എന്ന വാക്കിന് ശേഷം “മുഖേന” എന്ന വാക്കും ചേർക്കേണ്ടതാണ്.

(iii) (1)-ാം ഉപചട്ടത്തിലെ (സി)-യിൽ “കക്ഷികൾ” എന്ന വാക്കിന് പകരമായി “കക്ഷികൾക്ക്” എന്ന വാക്ക് ചേർക്കേണ്ടതും ആയതിന് ശേഷം “നേരിട്ട്” എന്ന വാക്ക് ചേർക്കേണ്ടതുമാണ്.

(iv) (1)-ാം ഉപചട്ടത്തിലെ (ഡി)-യിൽ “വകുപ്പ്” എന്ന വാക്കിന് ശേഷം “മുഖേന” എന്ന വാക്ക് ചേർക്കേണ്ടതാണ്.

(v) (1)-ാം ഉപചട്ടത്തിലെ (ഇ)-യിൽ “എസ്.എം.എസ്.” എന്ന വാക്കിന് ശേഷം “മുഖേന” എന്ന വാക്ക് ചേർക്കേണ്ടതാണ്.

(vi) (2)-ാം ഉപചട്ടത്തിലെ “കക്ഷികൾ” എന്ന വാക്കിന് പകരമായി “കക്ഷികൾക്ക്” എന്ന വാക്ക് ചേർക്കേണ്ടതാണ്.

(vii) (3)-ാം ഉപചട്ടത്തിലെ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത എന്ന വാക്കിന് ശേഷമുള്ള “മറ്റ് മാർഗ്ഗങ്ങൾ” എന്നീ വാക്കുകൾ ഒഴിവാക്കേണ്ടതും പകരം “പ്രകാരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഓഫീസ് മേധാവി" എന്നീ വാക്കുകൾ ചേർക്കേണ്ടതും "നോട്ടീസ്" എന്ന വാക്കിന് ശേഷമുള്ള "നൽകുന്നതിന് നിർദ്ദേശിക്കാവുന്നതാണ്" എന്നീ വാക്കുകൾക്ക് പകരമായി "നൽകാവുന്നതാണ്" എന്ന വാക്ക് ചേർക്കേണ്ടതുമാണ്.

(viii) (3)-ാം ഉപചട്ടത്തിന് ശേഷമുള്ള ഉപചട്ടങ്ങളുടെ ക്രമനമ്പർ (2), (3) എന്നത് (4), (5) എന്ന് മാറ്റേണ്ടതാണ്.

(ix) മാറ്റം വരുത്തിയ (4)-ാം ഉപചട്ടത്തിൽ "ടെലഫോൺ" എന്ന വാക്കിന് പകരം "ടെലിഫോൺ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(8) 9-ാം ചട്ടത്തിൽ,–

(i) ശീർഷകത്തിലെ "സമർപ്പിക്കണമെന്ന്" എന്ന വാക്കിന് പകരം "സമർപ്പിക്കൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii) (1)-ാം ഉപചട്ടത്തിൽ "ആവശ്യപ്പെടാവുന്നതാണ്" എന്ന വാക്കിന് ശേഷം "കക്ഷികൾ സത്യവാങ്മൂലം സമർപ്പിക്കുമ്പോൾ എതിർകക്ഷികൾക്ക് സത്യവാങ്മൂലത്തിന്റെ പകർപ്പ് കൈപ്പറ്റ് രസീത് സഹിതമുള്ള രജിസ്റ്റേർഡ് തപാലിൽ അയച്ചുകൊടുക്കേണ്ടതാണ്" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതും "ഹാജരാക്കേണ്ടതും" എന്ന വാക്കിന് പകരം "ഹാജരാകേണ്ടതും" എന്ന വാക്ക് ചേർക്കേണ്ടതുമാണ്.

(9) 11-ാം ചട്ടത്തിൽ,–

(i) (2)-ാം ഉപചട്ടത്തിൽ "ഉപവകുപ്പ്" എന്ന വാക്കിന് പകരമായി "ഉപചട്ട" എന്ന വാക്ക് ചേർക്കേണ്ടതും "ഉത്തരവിൻമേൽ പ്രസ്തുത" എന്നീ വാക്കുകൾ ഒഴിവാക്കേണ്ടതും "ഉത്തരവ്" എന്ന വാക്കിന് ശേഷം "കൈപ്പറ്റിയ" എന്ന വാക്ക് ചേർക്കേണ്ടതും "മുതൽ" എന്ന വാക്കിന് ശേഷമുള്ള "പരാതിക്കാരന്" എന്ന വാക്ക് ഒഴിവാക്കേണ്ടതും "റദ്ദ് ചെയ്യുവാൻ" എന്ന വാക്കുകൾക്ക് ശേഷം "പരാതിക്കാരന്" എന്ന വാക്ക് ചേർക്കേണ്ടതുമാണ്.

(ii) (3)-ാം ഉപചട്ടത്തിൽ "വിചാരണയ്ക്കായി" എന്ന വാക്കിന് പകരമായി "തെളിവെടുപ്പിനായി" എന്ന വാക്കും "വിചാരണ ചെയ്യുകയോ" എന്ന വാക്കുകൾക്ക് പകരമായി "തെളിവെടുക്കുകയോ"എന്ന വാക്കും ചേർക്കേണ്ടതാണ്.

(iii) (4)-ാം ഉപചട്ടത്തിൽ "എതിർകക്ഷിക്ക്" എന്ന വാക്കിന് ശേഷം "30 ദിവസത്തിനകം പ്രസ്തുത ഉത്തരവ് റദ്ദു ചെയ്യുവാൻ" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(10) 12-ാം ചട്ടത്തിൽ,–

(എച്ച്) ഖണ്ഡത്തിൽ "പിടിച്ചെടുക്കന്നതിനോ" എന്ന വാക്കിന് പകരം "പിടിച്ചെടുക്കുന്നതിനോ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(11) 15-ാം ചട്ടത്തിൽ,–

"വിചാരണ" എന്ന വാക്കിന് പകരമായി "തെളിവെടുപ്പ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(12) 17-ാം ചട്ടത്തിൽ,–

(2)-ാം ഉപചട്ടത്തിൽ "ഒരു പരിശോധനയ്ക്ക്" എന്ന വാക്കുകൾക്ക് ശേഷമുള്ള എല്ലാ വാക്കുകളും ഒഴിവാക്കി പകരമായി "പത്തു രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ എഴുതി സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതും അപേക്ഷ അനുവദിക്കുന്ന പക്ഷം പരാതിക്കാരൻ രണ്ടാഴ്ചയ്ക്കകം രേഖകൾ നേരിട്ട് പരിശോധിക്കേണ്ടതുമാണ്. തീർപ്പാക്കിയ പരാതികളിൽ ഉള്ള രേഖകളാണ് പരിശോധിക്കേണ്ടതെങ്കിൽ പരാതി തീർപ്പാക്കിയ തീയതി മുതൽ മൂന്ന് വർഷത്തിനകം അപേക്ഷിക്കേണ്ടതും അപ്രകാരം സമർപ്പിക്കപ്പെടുന്ന അപേക്ഷകൾക്കും മേൽ സൂചിപ്പിച്ച നിബന്ധനകൾ ബാധകമായിരിക്കുന്നതാണ്" എന്ന വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതുമാണ്.

(13) 18-ാം ചട്ടത്തിൽ (2)-ാം ഉപചട്ടത്തിൽ,–

(i) (viii)-ാം ഖണ്ഡത്തിൽ "മെമ്പർമാരുടെയോ" എന്ന വാക്കിന് പകരമായി "അംഗങ്ങളുടെയോ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii) (viii)-ാം ഖണ്ഡത്തിൽ "ചെയ്യൽ" എന്ന വാക്കിന് പകരമായി "ചെയ്യുക" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(iii) (ix)-ാം ഖണ്ഡത്തിൽ "തീർപ്പാക്കൽ" എന്ന വാക്കിന് പകരമായി "തീർപ്പാക്കുക" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(14) 20-ാം ചട്ടത്തിൽ,–

ശീർഷകത്തിൽ "സമയം" എന്ന വാക്ക് ഒഴിവാക്കി "സമയവും സ്ഥലവും" എന്നീ വാക്കുകൾ ചേർക്കേണ്ടതും "അവസാനിക്കുന്നതാണ്" എന്ന വാക്കിന് ശേഷം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

“സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ സിറ്റിംഗുകൾ തിരുവനന്തപുരത്തെ ആസ്ഥാനത്തോ, ജില്ലകളിൽ യുക്തമായ സ്ഥലങ്ങളിലോ നടത്തേണ്ടതാണ്” എന്ന് കൂട്ടിച്ചേർക്കേണ്ടതാണ്.

(15) 22-ാം ചട്ടത്തിൽ,–

“റെക്കോർഡ്” എന്ന വാക്കിന് പകരമായി “റിക്കാർഡ്” എന്ന വാക്ക് ചേർക്കേണ്ടതും “പരിഗണിക്കുന്ന” എന്ന വാക്കിന് ശേഷമുള്ള “ഓരോ” എന്ന വാക്ക് ഒഴിവാക്കേണ്ടതും “അന്തിമ തീർപ്പിനുശേഷം” എന്ന വാക്കുകൾ ശേഷമുള്ള വാക്കുകൾ ഒഴിവാക്കേണ്ടതും പകരമായി “അതോറിറ്റി തീരുമാനിക്കുംവിധം കൈകാര്യം ചെയ്യേണ്ടതുമാണ്” എന്ന വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതുമാണ്.

(16) 23-ാം ചട്ടത്തിൽ,–

(i) ശീർഷകത്തിൽ “ക്വാറം” എന്ന വാക്കിന് മുൻപായി “അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി യോഗത്തിന്റെ” എന്ന് ചേർക്കേണ്ടതാണ്.

(ii) “യോഗത്തിനായുള്ള” എന്ന വാക്കിന് മുമ്പിലായി “അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി” എന്ന വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതാണ്.

(iii) “അതോറിറ്റിയുടെ എല്ലാ അംഗങ്ങളും അടങ്ങുന്ന യോഗം” എന്നീ വാക്കുകളിൽ നിന്നും “എല്ലാ അംഗങ്ങളും അടങ്ങുന്ന” എന്നീ വാക്കുകൾ നീക്കം ചെയ്യേണ്ടതാണ്.

(17) 27-ാം ചട്ടത്തിൽ,–

(i) ശീർഷകം “സംസ്ഥാന പോലീസ് കംപ്ലൈന്റ്സ് അതോറിറ്റിയുടെ ചെയർപേഴ്സണിന്റെയും അംഗങ്ങളുടെയും ശമ്പളവും ആനുകൂല്യങ്ങളും” എന്ന് ഭേദഗതി വരുത്തേണ്ടതാണ്.

(ii) (1)-ാം ഉപചട്ടത്തിൽ “ചെർപേഴ്സണ്” എന്ന വാക്കിന് പകരം “ചെയർപേഴ്സണ്” എന്ന വാക്ക് ചേർക്കേണ്ടതാണ്.

(iii) (2)-ഉം (3)-ഉം ഉപചട്ടത്തിൽ “അലവൻസ്” എന്ന വാക്കിന് പകരം “ബത്തകൾ” എന്ന് ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(18) 27-ാം ചട്ടത്തിന് ശേഷം ചട്ടം "27എ" താഴെ പറയും പ്രകാരം കൂട്ടിച്ചേർക്കുന്നു:–

"27എ. ജില്ലാ പോലീസ് കംപ്ലൈന്റ്സ് അതോറിറ്റിയുടെ ചെയർപേഴ്സണിന്റെയും അംഗങ്ങളുടെയും ശമ്പളവും ആനുകൂല്യങ്ങളും.—ജില്ലാ പോലീസ് കംപ്ലൈന്റ്സ് അതോറിറ്റി ചെയർപേഴ്സണ് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന ശമ്പളത്തിനും ബത്തകൾക്കും അർഹതയുണ്ടായിരിക്കുന്നതാണ്".

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ബിശ്വനാഥ് സിൻഹ,
അഡീഷണൽ ചീഫ് സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

എസ്.ആർ.ഒ. 684/2019-ാം നമ്പർ വിജ്ഞാപനമായി പ്രസിദ്ധീകരിച്ചിട്ടുള്ള 2019-ലെ കേരള സംസ്ഥാന പോലീസ് (കംപ്ലയിന്റ്സ് അതോറിറ്റികൾ) ചട്ടങ്ങളിലെ ഏതാനും വ്യവസ്ഥകളിൽ കൂടുതൽ വ്യക്തത വരുത്തേണ്ടതായും ചിലതിൽ കാലാനുസൃതമായ കൂട്ടിച്ചേർക്കലുകൾ ആവശ്യമുള്ളതായും ബോധ്യപ്പെട്ടിരിക്കുന്നതിനാൽ, പ്രസ്തുത ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.04.27 07:50:16 +05:30